"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.208/2024/CLAD തീയതി,തിരുവനന്തപുരം, 17-04-2024

---

പരാമർശം:- കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 05.04.2024-ലെ 1177/ഇ4 /2023/എസ്.ഐ.ഇ.പി നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷം "2202-05-102-98-36-(NP) " എന്ന ശീർഷകത്തിൽ 270.11 ലക്ഷം രൂപ പദ്ധതിയേതരവിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ 2024 മാർച്ച്, ഏപ്രിൽ മുതൽ അടുത്ത നാല്പ മാസത്തേയ്ക്കുള്ള ശമ്പളം, വിരമിക്കുന്ന ജീവനക്കാരുടെ ടെർമിനൽ സറണ്ടർ, വേതനം,ശമ്പള കുടിശ്ശികകൾ, സറണ്ടർ, കെട്ടിട വാടക, ടെലിഫോൺ ചാർജ്ജ്, ഡീസൽ ചാർജ്ജ്, മറ്റ് അത്യാവശ്യ ചെലവുകൾ തുടങ്ങിയ ഒഴിവാക്കാനാകാത്ത അത്യാവശ്യ ചെലവുകൾ നിർവഹിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 270.11 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡുവായി 158 ലക്ഷം രൂപ അടിയന്തിരമായി അനുവദിച്ചു നൽകണമെന്ന് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷം ''2202-05-102-98-36-(NP) " എന്ന ശീർഷകത്തിൽ പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 270.11 ലക്ഷം രൂപയിൽ നിന്നും 54,00,000/-- രൂപ (അൻപത്തിനാല് ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി

അനുവദിച്ച് നൽകി  ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി/ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പരും അനുബന്ധ വിശദാംശങ്ങളും കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും, സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ് , തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .

ധനകാര്യ വകുപ്പ് ( 15.04.2024- ലെ 2760411/EDN-C3/132/2024-FIN നമ്പർ പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപൂരം

ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (C1/67/2024CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 17-04-2024 12:07:02

സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരീക വകുപ്പ് മന്ത്രിയുടെ പി .എസ്സ്. ന്